ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ 49% ഓഹരികളും (ആദ്യവർഷം), സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് പരസ്യം നൽകിയിരുന്നു. ഇതിൻമേൽ അപേക്ഷകരെ കിട്ടിയിട്ടുണ്ടെങ്കിലും തീരുമാനമെടുത്തിട്ടില്ല.

(ഇ) ലാഭത്തിൽ നടത്താൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിന് അധികബാധ്യത വരുത്താതെ ഒരു 'വൺടൈം സപ്പോർട്ട്' നൽകി സംരക്ഷിക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ എടുക്കുകയുണ്ടായി അതിന്റെ ഭാഗമായി ഒരു പുതിയ സമീപനത്തിന് രൂപം കൊടുക്കുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പു മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനുള്ള ശുപാർശകൾ പരിശോധിച്ച് മന്ത്രിസഭാ ഉപസമിതിക്കു സമർപ്പിക്കുവാൻ പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം), പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പബ്ലിക് സെക്ടർ & സ്ട്രാറ്റജിക് ആൻഡ് ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് ബോർഡ് റിയാബ്) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മിനറൽ പോളിസി

*8 [417] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സുലഭവും ഗുണമേൻമയുള്ളതുമായ മികച്ച ധാതുമണലിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ധാതുമണൽ ഖനനം സംബന്ധിച്ച് ദേശീയ നയം 2-11-1998-ൽ അണുശക്തി വകുപ്പിന്റെ റസല്യൂഷൻ ആയി കേന്ദ്ര ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നയത്തിനനുസൃതമായി സംസ്ഥാന സർക്കാർ ധാതുമണൽ ഖനനനയം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന നയപ്രകാരം ധാതുമണലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സംയുക്ത മേഖലയിലുള്ള കമ്പനികൾക്കു മാത്രമേ മൈനിംഗ് ലീസ് അനുവദിക്കുകയുള്ളൂ. സർക്കാർ ചുമതലപ്പെടുത്തിയപ്രകാരം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഖനിജ വ്യവസായങ്ങൾ തുടങ്ങുന്നതിനായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ അപേക്ഷ ക്ഷണിച്ചു. കോർപ്പറേഷൻ ശുപാർശ ചെയ്ത കേരള മൊയർ എർത്ത്സ് ആൻഡ് മിനറൽസ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനിക്കു നൽകിയ ഖനനാനുമതി ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനത്തിനുള്ള പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത്സും നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്നുള്ള പുതിയ സംരംഭത്തിനു നിർദ്ദേശം നിലവിലുണ്ട്.

മതിയായ രേഖകളില്ലാതെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ

*9 [418] ശ്രീ. പി. ജയരാജൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകൾ ഇല്ലാതെ സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്ന് കോടിക്കണക്കിന് രൂപ വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പയായി നൽകിയതായി നബാർഡ് കണ്ടെത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നബാർഡ് കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ;

(ബി) നബാർഡ് സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ വായ്പാക്രമക്കേടുകളുമായി ബന്ധപ്പെട്ടവ ഏതൊക്കെയാണ്;

(സി) ബാങ്കിന്റെ ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം നൽകപ്പെട്ട ഏതെല്ലാം വായ്പകളുടെ കാര്യത്തിൽ ഏതെല്ലാം നിലയിലുള്ള ക്രമക്കേടുകൾ നടന്നതായിട്ടാണ് നബാർഡ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ—സി) ഉണ്ട്. പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ. എം. എം. എൽ.-ൽ പാക്കിംഗ് യന്ത്രവും ഫിൽട്ടർ ഡ്രയറും സ്ഥാപിച്ചതിലെ ക്രമക്കേട്

*10 [419] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എം. എം. എൽ.-ൽ പാക്കിംഗ് യന്ത്രവും ഫിൽട്ടർ ഡ്രയറും സ്ഥാപിച്ചതിൽ വൻക്രമക്കേട് സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; ക്രമക്കേടുമൂലം എത്ര കോടി രൂപയുടെ നഷ്ടം കമ്പനിക്കുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly